പണികളുടെ നിർവ്വഹണചുമതല എഞ്ചിനീയർമാർക്കായിരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർ നിയമനം

122 (4745) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയർമാരെ നിയമിക്കാനുള്ള മാനദണ്ഡം എന്ത് ;

(ബി) ഓരോ ഗ്രാമപഞ്ചായത്തിനും ഒരു എഞ്ചിനീയർ എന്ന നിലയിൽ നിയമിക്കാൻ വ്യവസ്ഥയുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്ര പഞ്ചായത്തുകൾക്കാണ് ഒരു എഞ്ചിനീയറെ വ്യവസ്ഥ ചെയ്യുന്നത് ;

(ഡി) മണലൂർ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും എഞ്ചിനീയർമാരുടെ സേവനം ലഭ്യമാണോ എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത്, നഗരസഭകൾ എന്നിവിടങ്ങളിൽ സ്റ്റാഫ് സ്ട്രെഗ്ത് നിശ്ചയിച്ചിട്ടുള്ള പ്രകാരമാണ് എഞ്ചിനീയർമാരെ നിയമിച്ചുവരുന്നത്. 22 വാർഡുകളുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അത്തരത്തിലല്ലാത്ത 2 ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുമാണ് നിലവിലുള്ളത്. അപ്രകാരം ഒരു ബ്ളോക്ക് പഞ്ചായത്തിൽ 2 ഗ്രാമപഞ്ചായത്തു വീതമുള്ള ഓരോ ഗ്രൂപ്പിനും ഓരോ എൻജിനീയറെ വീതം നൽകിയപ്പോൾ ശേഷിച്ച ഗ്രാമപഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 185 ഗ്രാമപഞ്ചായത്തുകളിൽ ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ വീതവും ശേഷിക്കുന്ന 814 ഗ്രാമപഞ്ചായത്തുകളിൽ രണ്ട്, ഗ്രാമപഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന ക്രമത്തിലുമാണ് 407 അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുള്ളത്.

(ഡി) ലഭ്യമാണ്.

എഞ്ചിനീയറിംഗ് സർവ്വീസിൽ ഇലക്ട്രിക്കൽ വിഭാഗം

123 (4746) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് സർവ്വീസിൽ ഇലട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly